കെ2/847/15

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
കുടുംബശ്രീ വിഭാഗം
തീയതി : 04.01.2023

കെ.എം ആക്ട് 571 പ്രകാരം പ്രസിദ്ധീകരിക്കുന്ന നോട്ടീസ്

വിഷയം : കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ - കുടുംബശ്രീ വിഭാഗം- കോഴിക്കോട് ബീച്ച് വഴിയോര കച്ചവട നിയന്ത്രണ നിയമാവലി - കരട് ബൈലോ - ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുന്നത് - സംബന്ധിച്ച്.

**********

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ- കുടുംബശ്രീ വിഭാഗം - കോഴിക്കോട് ബീച്ച് വഴിയോരകച്ചവടക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വഴിയോരകച്ചവട സംരക്ഷണ നിയമം (സ്ട്രീറ്റ് വെൻഡേർസ് ആക്ട്) 2014 സെക്ഷൻ 37 പ്രകാരവും കേരള മുനിസിപ്പൽ ആക്ട് 1994 സെക്ഷൻ 567 പ്രകാരവും തയ്യാറാക്കിയിട്ടുള്ള കോഴിക്കോട് ബീച്ച് തെരുവ് കച്ചവട സംരക്ഷണ നിയന്ത്രണ നിയമാവലി 2023 (കരട്) തയ്യാറാക്കി പൊതുജന അറിവിലേക്ക് പ്രസിദ്ധീകരിക്കുന്നു.

കരട് ബൈലോയിൽ എന്തെങ്കിലും ആക്ഷേപങ്ങളോ അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ ആയതു രേഖാമൂലം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 14 ദിവസത്തിനകം ഓഫീസിൽ അറിയിക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനു ശേഷം ലഭിക്കുന്ന അഭിപ്രായങ്ങൾ സ്വീകരിക്കുന്നതല്ല.

സെക്രട്ടറി
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.

ഉള്ളടക്കം : ബൈലോ

1. **കോഴിക്കോട് മെയിൻ ബീച്ച് സ്ട്രീറ്റ് വെൻഡേഴ്സ്സ് വെൽഫെയർ സൊസൈറ്റി (കോഴിക്കോട് ബീച്ച് തെരുവ് കച്ചവട സംരക്ഷണ നിയന്ത്രണ) നിയമാവലി – ~~2022~~ 2023**

**കോഴിക്കോട് കോർപ്പറേഷൻ**

2014 – ലെ തെരുവ് കച്ചവട (ജിവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) നിയമം പ്രകാരം ബീച്ച് തെരുവ് കച്ചവട മേഖലയുടെ നടത്തിപ്പ് പരിപാലനത്തിനായി തയ്യാർ ചെയ്ത ബൈലോ.

2. കോഴിക്കോട് നഗരത്തിലെ തെരുവ് കച്ചവടക്കാരുടെ ജിവനോപാധി സംരക്ഷണവും പുനരധിവാസവും ഉറപ്പുവരുത്തുന്നതിലേയ്ക്കായി വിവിധ പ്രവർത്തനങ്ങളാണ് നഗരസഭയുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്നത്. ഇതിന്റെ ഭാഗമായി ബീച്ചിൽ കച്ചവടം ചെയ്യുന്ന 92 തെരുവ് കച്ചവടക്കാർക്ക് നഗരസഭ ലൈസൻസ് അനുവദിച്ചു നൽകിയിട്ടുണ്ട്. ബീച്ച് തെരുവ് കച്ചവടക്കാരുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനേക്കായി **കോഴിക്കോട് കോർപ്പറേഷൻ മെയിൻ ബീച്ച് സ്ട്രീറ്റ് വെൻഡേഴ്സ്സ് വെൽഫെയർ സൊസൈറ്റി** എന്ന നിയമാവലിക്ക് രൂപം നൽകിയിരിക്കുന്നു.

3. **ആമുഖം**

ബീച്ച് തെരുവ് കച്ചവടക്കാരുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിലേക്ക് തയ്യാറക്കിയ ടി നിയമാവലി കോഴിക്കോട് മെയിൻ ബീച്ച് സ്ട്രീറ്റ് വെൻഡേഴ്സ്സ് വെൽഫെയർ സൊസൈറ്റി (തെരുവ് കച്ചവട സംരക്ഷണ നിയന്ത്രണ) നിയമാവലി 2022 എന്ന് അറിയപ്പെടും.

4. **നിർവ്വചനങ്ങൾ**

   1. കോഴിക്കോട് കോർപ്പറേഷൻ ഓഫീസിന് മുൻവശം ബീച്ച് ഹോസ്പിറ്റലിന് എതിർവശത്തുള്ള ഡ്രെയിനേജിന് തെക്ക് വശത്ത് നഗരസഭ കൗൺസിൽ തീരുമാന പ്രകാരം തെരുവ് കച്ചവടത്തിലേർപ്പെട്ടിരിക്കുന്ന കച്ചവടക്കാർ എന്ന് അർത്ഥമാക്കുന്നു.
   2. ടൗൺ വെന്റിംഗ് കമ്മിറ്റി : 2014 ലെ തെരുവ് കച്ചവടനിയമം സെക്ഷൻ 22 പ്രകാരം രൂപീകരിച്ച കമ്മിറ്റി

3. മാസ വരിസംഖ്യ അഥവാ മന്ത്‌ലി ഫീസ് : 2019 ലെ തെരുവ് കച്ചവട സ്കിം സെക്ഷൻ 6 (2) പ്രകാരം തെരുവ് കച്ചവട മേഖലയുടെ നടത്തിപ്പ് പരിപാലന ഇനത്തിൽ തെരുവ് കച്ചവടക്കാരിൽ നിന്നും നഗരസഭ ഈടാക്കുന്ന തുക

4. വെന്റിംഗ് ഫീസ് - ലൈസൻസ്/ തെരുവ് കച്ചവട സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും പുതുക്കി നൽകുന്നതിനും നഗരസഭയിൽ ഒടുക്കുന്ന തുക (2019 ലെ സ്കിം പ്രകാരം)

5. ബീച്ച് തെരുവ് കച്ചവട മേഖല - കോർപ്പറേഷൻ ഓഫീസിനു മുൻവശം വടക്ക് ഡ്രെയിനേജ് വരെ നിലവിൽ 90 തെരുവ് കച്ചവട യൂണിറ്റുകൾ ഉൾപ്പെടുന്ന മേഖല

6. കൗൺസിൽ - കോഴിക്കോട് കോർപ്പറേഷൻ കൗൺസിൽ

7. വഴിയോര/ തെരുവ് കച്ചവടക്കാർ - കോർപ്പറേഷൻ പരിധിയിൽ തെരുവ് കച്ചവടം ഉപജീവനമായി സ്വീകരിച്ച് ടൗൺവെന്റിംഗ് കമ്മിറ്റി അംഗീകര ത്തോടെ കച്ചവടം ചെയ്യുന്ന കച്ചവടക്കാർ.

**5. <u>ബൈലോയുടെ കാലാവധി</u>**

കൗൺസിൽ അംഗീകരിക്കുന്ന തീയതി മുതൽ ബീച്ച് തെരുവ് കച്ചവടമേഖല തെരുവ് കച്ചവട നിരോധിത മേഖലയായി കൗൺസിൽ പ്രഖ്യാപിക്കുന്നതുവരെ

**6. <u>ബൈലോ ബാധകമായവർ</u>**

കോഴിക്കോട് കോർപറേഷൻ ബീച്ച് തെരുവ് കച്ചവട മേഖലയിൽ കച്ചവടം ചെയ്യുന്ന തെരുവ് കച്ചവടക്കാർ.

**7. <u>ബീച്ച് തെരുവ് കച്ചവടത്തിന്റെ വസ്തുതകൾ</u>**

ചായ, കടികൾ/ഐസ്ക്രീം/ ഐസ് ഒരതി, ഉപ്പിലിട്ടത്/സ്റ്റേഷനറി/കളിപ്പാട്ടങ്ങൾ/ പാനിപുരി/ ഇളനീർ/കരിമ്പ് ജ്യൂസ്/ പായസം മുതലായവയാണ് ബീച്ചിൽ നിലവിൽ തെരുവ് കച്ചവടം ചെയ്യപ്പെടുന്നത്. ടി കച്ചവടമേഖല 62-ാം വാർഡിലാണ് ഉൾപ്പെടുന്നത്.

**8. <u>ഗുണഭോക്താക്കൾ</u>**

തെരുവ് കച്ചവടം ഉപജീവനമായി ബീച്ച് തെരുവ് കച്ചവട മേഖലയിൽ മേഖലയിൽ കച്ചവടം ചെയ്യുന്നവർ. ഇവരിൽ ലൈസൻസ് നിബന്ധനകൾ പാലിക്കാത്ത കച്ചവടക്കാരെ ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

**9.** തെരുവ് കച്ചവടമേഖലയുടെ പരിപാലനം പൂർണ്ണമായും സൊസൈറ്റിയിലെ ഗുണഭോക്താക്കൾ അടങ്ങുന്ന സമിതിക്കാണ്.

**10.** തെരുവ് കച്ചവട യൂണിറ്റുകളുടെ ക്രമീകരണം

ഉന്തുവണ്ടികൾ ക്രമീകരിക്കുന്നത് കൗൺസിൽ നിർദ്ദേശ പ്രകാരം ബീച്ച് തെരുവ് കച്ചവട സൊസൈറ്റിയുടെ നേതൃത്വത്തിലായിരിക്കും

**11.** ഒഴിവ് വരുന്ന ഇടങ്ങളിൽ പുതിയ വെന്റിംഗ് യൂണിറ്റുകൾ അനുവദിക്കുന്നത്

ഏതെങ്കിലും കാരണത്താൽ കച്ചവടയൂണിറ്റുകൾക്ക് അനുവദിച്ച സ്ഥലത്ത് ഒഴിവ് വരികയാണെങ്കിൽ ബീച്ച് തെരുവ് കച്ചവട സൊസൈറ്റിയുടെ ശുപാർശ പ്രകാരം അർഹരായ തെരുവ് കച്ചവടക്കാർക്ക് നഗരസഭ കൗൺസിൽ തീരുമാനപ്രകാരം പുതിയ യൂണിറ്റുകൾ അനുവദിക്കുന്നതാണ്.

**12.** ബീച്ച് തെരുവ് കച്ചവട മേഖലയുടെ പരിപാലനം

ബീച്ച് തെരുവ് കച്ചവട മേഖലയുടെ പരിപാലനം പൂർണ്ണമായും സൊസൈറ്റിയിലെ ഗുണഭോക്താക്കളുടെ ഒരു കമ്മറ്റിക്കായിരിക്കും.

**13.** ബീച്ച് തെരുവ് കച്ചവട സമിതിയുടെ ഘടന

**(എ) പൊതു സഭ**

നഗരസഭ ലൈസൻസ് അനുവദിച്ചു നൽകിയതും ബീച്ചിലെ തെരുവ് കച്ചവട മേഖലയിൽ കച്ചവടം ചെയ്യുന്നവരുമായ സൊസൈറ്റിയിലെ അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റിയാണ് പൊതുസഭ. 6 മാസത്തിലൊരിക്കൽ പൊതുസഭ ചേരേണ്ടതാണ്.

**<u>പൊതുസഭയുടെ ചുമതലകൾ</u>**

1. സൊസൈറ്റിയുടെ വരവ് ചിലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിക്കുക

2.സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ബൈലോ തയ്യാറാക്കുക, കാലാകാലങ്ങളിൽ ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുക.

1. സൊസൈറ്റിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുക, കാലികമായി അത്

പുതുക്കുക.

2. എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുക
3. എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനങ്ങൾ പരിശോധിച്ച് അംഗീകാരം നൽകുക/ ഭേദഗതി നിർദ്ദേശിക്കുക.
4. ബീച്ച് തെരുവ് കച്ചവടമേഖലയുടെ നടത്തിപ്പ്, പരിപാലനം, ശുചിത്വം, വൈദ്യുതി, കുടിവെള്ളം, അംഗങ്ങൾക്കിടയിൽ സൗഹൃദം വളർത്തുന്നതിലേക്ക് ആവശ്യമായ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ, ക്ഷേമ പ്രവർത്തനങ്ങൾ, പൊതുജനാരോഗ്യം, വിനോദ സഞ്ചാരികൾക്കുള്ള മെച്ചപ്പെട്ട സേവനം തുടങ്ങിവ സൊസൈറ്റിയുടെ അധികാര പരിധിയിൽ വരുന്നതാണ്.

**(ബി) <u>എക്സിക്യൂട്ടീവ് കമ്മിറ്റി</u>**

സൊസൈറ്റിക്ക് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്. എക്സിക്യൂട്ടീവിനെ പൊതുസഭയിൽ നിന്നുമാണ് തിരഞ്ഞെടുക്കുന്നത്.

<u>എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ഘടന</u>

1. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഒരു പ്രസിഡണ്ട്, ഒരു വൈസ് പ്രസിഡണ്ട്, ഒരു സെക്രട്ടറി, ഒരു ജോയിന്റ് സെക്രട്ടറി, ഒരു ട്രഷറർ എന്നിവർ ഉൾപ്പെടെ 15 അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.
2. പൊതുസഭയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന എക്സിക്യൂട്ടീവ് അംഗങ്ങൾ ചേർന്ന് ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്.
3. എക്സിക്യൂട്ടീവിൽ 2 വീതം എസ്.സി/എസ്.ടി/ന്യൂനപക്ഷ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഭിന്നശേഷിക്കാരെയും വനിതകളെയും കമ്മറ്റിയിലേക്ക് പരിഗണിക്കേണ്ടതാണ്.
4. എക്സിക്യൂട്ടീവ് കമ്മറ്റിയുടെ കാലവധി 2 വർഷമായിരിക്കും.
5. എക്സിക്യൂട്ടീവ് കമ്മറ്റി ഭാരവാഹികളിൽ ഒഴിവ് വരുമ്പോൾ എക്സിക്യൂട്ടീവ് ചേർന്ന് തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളുടെ ഒഴിവ് വരുന്ന മുറയ്ക്ക് അടുത്ത പൊതുസഭ ചേരുമ്പോൾ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

**<u>എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചുമതലകൾ</u>**

എക്സിക്യൂട്ടീവ് കമ്മറ്റി മാസത്തിൽ ഒരു തവണ നിർബന്ധമായും കൂടേണ്ടതാണ്. ചുമതലകൾ താഴെ പറയും പ്രകാരമായിരിക്കും.

1. തെരുവ് കച്ചവട മേഖലയുടെ പൊതുവായ ദൈനംദിന പ്രവർത്തനങ്ങൾ മാലിന്യസംസ്കരണം, ശുചിത്വ ആരോഗ്യ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെ പരിശോധിച്ച് ശരിയാംവണ്ണം നടക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക
2. നടത്തിപ്പ് പരിപാലന ചിലവിന് അംഗീകാരം നൽകുക.
3. നടത്തിപ്പ് പരിപാലന ഫണ്ട് കണ്ടെത്തുക
4. അനധികൃത കച്ചവടങ്ങൾ ടി മേഖലയിൽ ഇല്ല എന്ന് ഉറപ്പ് വരുത്തുക

**14.** സാമ്പത്തികം

സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സൊസൈറ്റി കണ്ടെത്തേണ്ടതാണ്. പ്രധാന വരുമാന ശ്രോതസുകൾ താഴെ പറയും പ്രകാരമായിരിക്കും.

1. അംഗങ്ങളിൽ നിന്നും പിരിക്കുന്ന നടത്തിപ്പ് പരിപാലന തുക
2. പൊതുജനങ്ങൾ /സന്നദ്ധസംഘടന/സർക്കാർ എജൻസികൾ എന്നിവയിൽ നിന്നും സ്വീകരിക്കുന്ന സംഭാവന
3. തദ്ദേശ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന തുക
4. നിയമാനുസൃതം സ്വീകരിക്കുന്ന മറ്റ് സ്ത്രേതസ്സുകൾ/ സംഭാവനകൾ

**15.** അക്കൗണ്ട്

സൊസൈറ്റിയുടെ സെക്രട്ടറി, ട്രഷറർ എന്നിവരുടെ പേരിൽ നഗരത്തിലെ ഏതെങ്കിലും നാഷ്നലൈസ്ഡ്/ ഷെഡ്യൂൾഡ്, സഹകരണ ബാങ്കുകളിൽ ഒന്നിൽ സൊസൈറ്റിയുടെ എസ്. ബി അക്കൗണ്ട് ആരംഭിക്കാവുന്നതാണ്. ലഭിക്കുന്ന തുകകൾ 2 ദിവസത്തിനുള്ളിൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും വരവ് ചിലവ് കണക്കുകൾക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതും തുടർന്ന് പൊതുസഭ ആയത് അംഗീകരിക്കേണ്ടതുമാണ്.

**16.** മാസവരി

എല്ലാ അംഗങ്ങളിൽ നിന്നും മാസവരി ഈടാക്കേണ്ടതാണ്. കച്ചവടത്തിന്റെ തരം അനുസരിച്ച് മാസവരിയിൽ ഏറ്റകുറച്ചിൽ വരുത്തുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും. കാലാകാലങ്ങളിൽ മാസവരി ആവശ്യാനുസരണം വർദ്ധിപ്പിക്കാവുന്നതാണ്. അംഗങ്ങൾ എല്ലാ മാസവും 5-ാം തീയതിക്കകം മാസവരി ഒടുക്കേണ്ടതാണ്.

**നടത്തിപ്പ്/ പരിപാലനതുക (മാസവരി ഉപയോഗിക്കാവുന്ന മേഖലകൾ)**

1. പൊതുവായ വൈദ്യുതി, കുടിവെള്ള, ശുചിത്വ-ആരോഗ്യ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണം എന്നിവ
2. തെരുവ് കച്ചവട മേഖലയുടെ പരിപാലനം, ശുചിത്വം

3. എക്സി.കമ്മിറ്റി നിശ്ചയിക്കുന്ന മറ്റ് ആവശ്യങ്ങൾ

**17. അംഗങ്ങളുടെ അവകാശങ്ങൾ ചുമതലകൾ**

അംഗങ്ങൾക്ക് താഴെ പറയുന്ന അവകാശങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതണ്.

1. നഗരസഭ, ലൈസൻസ് റദ്ദ് ചെയ്യുന്നിടത്തോളം ടി മേഖലയിൽ കച്ചവടം ചെയ്യുന്നതിനുള്ള അവകാശം
2. ലൈസൻസി മരണപ്പെടുക/ അനാരോഗ്യം ഉണ്ടാവുക എന്നീ സാഹചര്യങ്ങളിൽ നിയമാനുസൃത അവകാശികൾക്ക് ലൈസൻസ് അനുവദിച്ച് കിട്ടുന്നതിനുള്ള അവകാശം
3. സ്വന്തമായി വ്യക്തിഗത വൈദ്യുതി, കുടിവെള്ള കണക്ഷൻ എടുക്കുന്നതിനുള്ള അവകാശം, ആയതിന്റെ തുക അംഗം സ്വന്തം ഉത്തരവാദിത്വത്തിൽ ഒടുക്കേണ്ടതാണ്.
4. കച്ചവട യൂണിറ്റും പരിസരവും ശുചിയായി സൂക്ഷിക്കുക, മാലിന്യം വലിച്ചെറിയാതെ സ്വന്തം ഉത്തരവാദിത്വത്തിൽ സംസ്കരിക്കുക.
5. നഗരസഭ ലൈസൻസിന്റെ ഭാഗമായി ഉൾപ്പെടുത്തിയ നിബന്ധനകൾ പാലിക്കുക
6. മാലിന്യം പൊതു സ്ഥലത്ത് വലിച്ചെറിയാതിരിക്കുക
7. പൊതുവായ വസ്തുക്കൾക്ക് സംരക്ഷണം നൽകുന്നതോടൊപ്പം ആയതിന് കേടുപാടുകൾ വരത്തക്ക പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കുക.

**18. അംഗങ്ങളുടെ കടമകൾ**

1. നടത്തിപ്പ് പരിപാലന തുക (മാസവരി) കൃത്യ സമയത്ത് നൽകുക
2. നഗരസഭയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തെരുവ് കച്ചവട നിർദ്ദേശങ്ങൾ പാലിക്കുക
3. നിയമം മൂലം നിരോധിച്ചവയുടെ കച്ചവടം നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുക
4. സൊസൈറ്റിയുടെ പ്രവർത്തന മൂലധനത്തിലേക്കായി ഒറ്റതവണ 500/-രൂപ അംഗത്വ ഫീസ് നൽകുക.

**19. നഗരസഭയുടെ ചുമതലകളും അധികാരങ്ങളും**

നഗരസഭക്ക് താഴെ പറയുന്ന ചുമതലകളും അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

1. അംഗങ്ങളിൽ നിന്നും ലൈസൻസ് ഫീസ് പിരിക്കുന്നതിനും അർഹരായവർക്ക് ലൈസൻസ് അനുവദിച്ചു നൽകുന്നതിനുമുള്ള അധികാരം
2. ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം
3. തെരുവ് കച്ചവട യൂണിറ്റുകൾ പ്രത്യേക സാഹചര്യങ്ങളിൽ പുനഃക്രമീകരണം നടത്തുന്നതിനുള്ള അധികാരം

4. ലൈസൻസ് വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിലേക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധന നടത്തുന്നതിന് അനുമതി നൽകാനുള്ള അധികാരം.
5. നടത്തിപ്പ് പരിപാലനം, ശുചിത്വം മുതലായ മേഖലകളിൽ നിർദ്ദേശം നൽകാനുള്ള അധികാരം

**20.** <u>നഗരസഭാതല വിലയിരുത്തൽ സമിതി</u>

ബീച്ച് തെരുവ് കച്ചവടമേഖലയുടെ പരിപാലനം, മറ്റ് വിഷയങ്ങൾ, തർക്കങ്ങൾ എന്നിവ പരിഹരിക്കുന്നതിലേക്ക് നഗരസഭാതലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്.

കമ്മിറ്റിയുടെ ഘടന

1. ക്ഷേമകാര്യ സമിതി അദ്ധ്യക്ഷൻ - ചെയർമാൻ
2. ആരോഗ്യകാര്യ സമിതി അദ്ധ്യക്ഷൻ - വൈസ് ചെയർമാൻ
3. സെക്രട്ടറി - കൺവീനർ
4. ഹെൽത്ത് ഓഫീസർ - അംഗം
5. ഹെൽത്ത് സൂപ്പർവൈസർ - അംഗം
6. വാർഡ് കൗൺസിലർ - അംഗം
7. പോർട്ട് ഓഫീസർ/പോർട്ട് കൺസർ വേറ്റർ - അംഗം
8. സൂപ്രണ്ടിംഗ് എഞ്ചിനിയറിംഗ് - അംഗം
9. ഗുണഭോക്തൃ സമിതി / സൊസൈറ്റി എക്സി.കമ്മിറ്റി പ്രസിഡണ്ട് - അംഗം
10. ഗുണഭോക്തൃ സമിതി / സൊസൈറ്റി എക്സി.കമ്മിറ്റി സെക്രട്ടറി - അംഗം

**21.** വിലയിരുത്തൽ സമിതിയുടെ പ്രവർത്തനങ്ങൾ

1. ബീച്ച് തെരുവ് കച്ചവട മേഖല സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക
2. സൊസൈറ്റിയുടെ പൊതുസഭ/ എക്സിക്യൂട്ടീവ് കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പു വരുത്തുക
3. തർക്കങ്ങൾക്ക് പരിഹാരം കണ്ടെത്തുക
4. ബൈലോയിൽ വ്യക്തമല്ലാത്ത / ഉൾപ്പെടാത്ത കാര്യങ്ങളിൽ തീരുമാനമെടുക്കുക, ഭേദഗതി നിർദ്ദേശിക്കുക.
5. കൗൺസിൽ ഏൽപ്പിക്കുന്ന മറ്റ് അധികാരങ്ങൾ

ബീച്ച് കച്ചവടമേഖല പോർട്ട് ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള വസ്തുവായതിനാൽ കാലാകാലങ്ങളിൽ തെരുവ് കച്ചവടവുമായി ബന്ധപ്പെട്ട പോർട്ട് ട്രസ്റ്റ് നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ അംഗങ്ങൾ ബാധ്യസ്ഥരാണ്.

സെക്രട്ടറി

**അനുബന്ധം 1**

**തെരുവ് കച്ചവട ലൈസൻസ് പൊതു നിബന്ധനകൾ.**

1. ഭക്ഷണ സാധനങ്ങൾ തയ്യാർ ചെയ്ത് വിൽപന നടത്തുന്ന ഉന്തുവണ്ടികളിൽ ഒരേ സമയത്തു ഒന്നിൽ അധികം ഗ്യാസ് സിലിറുകൾ ഉപയോഗിക്കുവാനോ, സൂക്ഷിക്കുവാനോ പാടുള്ളതല്ല.

2. ഉന്തു വണ്ടികളിൽ കോർപറേഷൻ നൽകിയ തെരുവ് കച്ചവടക്കാരുടെ തിരിച്ചറിയൽ കാർഡ് കൈവശമുള്ള വ്യക്തിക് മാത്രമേ കച്ചവടം ചെയ്യാൻ അനുവാദമുായിരിക്കുകയുള്ളൂ. ഒന്നിൽ കൂടുതൽ ആളുകളെ ജോലിക്കായി നിർത്തുവാൻ പാടുള്ളതല്ല.

3. ആഹാരസാധനങ്ങൾ കൈകാര്യം ചെയ്യുന്ന ആളുകൾക്കു നിർബന്ധമായും ഹെൽത്ത് കാർഡ് ഉണ്ടാകേണ്ടതാണ്.

4. അംഗീകാരം ലഭിച്ച ഉന്തുവികളും കച്ചവടം നടക്കുന്ന പരിസര പ്രദേശങ്ങളും നഗരസഭ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക് ഏതുസമയത്തും പരിശോധിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

5. യാതൊരു കാരണവശാലും കച്ചവട സ്ഥലത്തു ഉപഭോക്താക്കൾക്കായി കസേരകൾ ക്രമീകരിക്കാൻ പാടില്ല.

6. പാചകത്തിനായി ഒരു അടുപ്പ് മാത്രമേ സൂക്ഷിക്കാനും ഉപയോഗിക്കാനും പാടുള്ളൂ.

7. നിരോധിത പുകയില ,ലഹരി പദാർത്ഥങ്ങൾ ,സിഗരറ്റുകൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ, ഊണ്/ ബിരിയാണി/ പ്രഭാത ഭക്ഷണങ്ങൾ എന്നിവ വിൽക്കാൻ അനുവദിക്കുന്നതല്ല.

8. നഗരസഭ നൽകുന്ന ലൈസൻസ് കച്ചവട യൂണിറ്റിൽ പ്രദർശിപ്പിക്കേതാണ്.

9. നഗരസഭ നിശ്ചയിച്ചിട്ടുള്ള നിയമാനുസൃത വാർഷിക ഫീസ് നൽകാൻ ബാധ്യസ്ഥനാണ്.

10. ലഘു ഭക്ഷണം, ചായ ഉൾപ്പെടെയുള്ള പാനീയങ്ങൾ ,ഐസ്ക്രീം ,എന്നിവ മാത്രമേ ഭക്ഷണ സാധനങ്ങൾ വിൽപന നടത്തുന്ന തട്ടുകളിൽ വിൽക്കാൻ പാടുള്ളൂ .

11. ഭക്ഷണ സാധനങ്ങൾ/ പാത്രങ്ങൾ/ ഭക്ഷണം വിതരണം ചെയ്യുന്ന/ പാചകം ചെയ്യുന്ന സ്ഥലം എന്നിവ വൃത്തിയായി സൂക്ഷിക്കണം. പാചകം ചെയ്യുന്ന/ വിതരണം ചെയ്യുന്ന വ്യക്തികൾ എന്നിവർ രോഗബാധിതർ ആയിരിക്കാൻ പാടില്ലാത്തതാണ്. വൃത്തിയും വെടിപ്പുമുള്ള വസ്ത്രങ്ങൾ ധരിക്കേതും, വ്യക്തി ശുചിത്വം പാലിക്കേതുമാണ്.

12. രാവിലെ 6 മണി മുതൽ രാത്രി 10 മണിവരെയായിരിക്കും കച്ചവടം അനുവദിക്കുക. ഓരോരുത്തർക്കും ലൈസൻസ് നൽകുമ്പോൾ കച്ചവട സമയം ആയതിൽ രേഖപ്പെടുത്തുന്നതാണ്.

13. അനുവദിച്ച സ്ഥലത്തിൽ മാത്രമേ കച്ചവടം ചെയ്യാൻ പാടുള്ളൂ. എന്നാൽ ഉന്തുവണ്ടിയിൽ അല്ലാതെ കച്ചവടം ചെയ്യുന്ന (തലചുമടായി /കൈയിൽ / സഞ്ചരിക്കു) വർക്ക് ഇത് ബാധകമല്ല.

14. ഭക്ഷണ സാധനങ്ങൾ തയ്യാർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന വെള്ളം, കുടിവെള്ളം, കച്ചവട സ്ഥലം എന്നിവ ഹെൽത്ത് ഇൻസ്പെക്ടർ മുഖാന്തിരം പരിശോധിച്ച പരിശോധന റിപ്പോർട്ട് ഉന്തുവണ്ടിയിൽ സൂക്ഷിക്കേ ണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന സമയത്തു പരിശോധനക്കു ആയതു നൽകേണ്ടതുമാണ്.

15. കുപ്പിവെള്ളം, ശീതളപാനീയങ്ങൾ, പാക്കറ്റിലടച്ച ഭക്ഷ്യവസ്തുക്കൾ എന്നിവ വെയിൽ കൊള്ളുന്ന സ്ഥലത്തു പ്രദർശിപ്പിക്കാനോ, സൂക്ഷിക്കുവാനോ പാടുള്ളതല്ല.

16. എളുപ്പത്തിൽ തീ പിടിക്കാൻ സാധ്യതയുള്ള വസ്തുക്കളോ സർക്കാർ/കോർപറേഷൻ നിരോധിച്ചിട്ടുള്ളതുമായ സാധനങ്ങൾ സൂക്ഷിക്കുവാനോ ,വിൽപന നടത്തുവാനോ പാടുള്ളതല്ല.

17. പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് ഉൽന്നങ്ങൾ, ഡിസ്പോസിബിൾ വസ്തുക്കൾ എന്നിവ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

18. ജില്ലാ ഭരണകൂടം, കോർപറേഷൻ, ഫുഡ് സേഫ്റ്റി എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി മാത്രമേ കച്ചവടം അനുവദിക്കുകയുള്ളൂ.

19. കച്ചവടവുമായി ബന്ധപ്പെട്ടുാകുന്ന ഖരദ്രവ്യ മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ കച്ചവടം ചെയ്യുന്ന വ്യക്തി സംസ്കരിക്കേതാണ്. യാതൊരു കാരണവശാലും മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുകയോ, കടലിൽ ഉപേക്ഷിക്കുകയോ, കുഴിച്ചു മൂടുകയോ ചെയ്യാൻ പാടില്ല.

20. നഗരസഭ പ്രത്യേകമായി അനുവദിച്ചു നൽകിയ നിർദ്ദിഷ്ഠ സ്ഥലത്തു മാത്രമാണ് കച്ചവടം ചെയ്യുന്നതിന് അനുമതി ഉണ്ടായിരിക്കുക.

21. യാതൊരു കാരണവശാലും ലൈസൻസ് വാടകക്കോ, പാട്ടത്തിനോ കൈമാറ്റം ചെയ്യുവാനോ പാടില്ല.

22. ലൈസൻസ് ലഭിച്ച വ്യക്തിയോ കുടുംബാംഗങ്ങളോ കോർപറേഷൻ പരിധിയിൽ സമാന്തരമായി മറ്റു തെരുവ് കച്ചവട പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പാടില്ല.

23. മുകളിൽ പറഞ്ഞ വ്യവസ്ഥകളുടെ ലംഘനത്തിന് ആദ്യതവണ 250 രൂപ പിഴയും, രാം തവണ 500 രൂപ പിഴയും, മൂന്നാം തവണ 2000 രൂപ പിഴയും ഈടാക്കുകയും തുടർന്ന് ലൈസൻസ് റദ്ദ് ചെയ്യുന്നതുമാണ്.

**അനുബന്ധം 2**

**തെരുവ് കച്ചവട സർട്ടിഫിക്കറ്റ് / തെരുവ് കച്ചവട ലൈസൻസ്/ തെരുവ് കച്ചവട തിരിച്ചറിയൽ കാർഡ് ലഭിക്കേതിലേക്ക് സമർപ്പിക്കുന്ന**

**സത്യപ്രസ്താവന**

പേര് :

വിലാസം :

ഫോൺ നമ്പർ :

ആധാർ നമ്പർ :

റേഷൻ കാർഡ് നമ്പർ :

കച്ചവട സ്ഥലം :

നോമിനിയുടെ പേര് :

നോമിനിയുമായുള്ള ബന്ധം :

1 തെരുവ് കച്ചവട ലൈസൻസിന് അപേക്ഷിക്കുന്ന എനിക്ക് എതിരെ നിലവിൽ പോലീസ് കേസ് ഇല്ല (ബൈലോ സെക്ഷൻ 6.2)

2 സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചതിൻറെ അടിസ്ഥാനത്തിൽ എനിക്ക് / എന്റെ കുടുംബത്തിന് ................ പെൻഷൻ ലഭിക്കുന്നില്ല (ബൈലോ സെക്ഷൻ 6.3)

3 ഞാൻ അംഗമായിരിക്കുന്നു റേഷൻ കാർഡിൽ ഉൾപ്പെട്ട മറ്റ് അംഗങ്ങൾക്ക് നഗരസഭയിൽ നിന്നും തെരുവ് കച്ചവട ലൈസൻസ് ലഭിച്ചിട്ടില്ല / ലഭിക്കുന്നതിലേക്കു അപേക്ഷ സമർപ്പിച്ചിട്ടില്ല (ബൈലോ സെക്ഷൻ 6.25)

4 ഉന്തുവിയുടെ പരമാവധി വലിപ്പമായ 6/4ൽ അധിക സ്ഥലം ഞാൻ കച്ചവടത്തിനായി ഉപയോഗിക്കുന്നില്ല (ബൈലോ സെക്ഷൻ 9.3)

5. കച്ചവടത്തിനായി കച്ചവട സ്ഥലത്ത് നിർമാണ പ്രവർത്തികൾ ചെയ്തിട്ടില്ല (ബൈലോ സെക്ഷൻ 9.5)

6. അനുവദിച്ച് നൽകിയ സ്ഥലം അധികരിക്കുന്ന നിലയിൽ ടാർപ്പായ/ ഷീറ്റ് എന്നിവ ഉപയോഗിച്ച് കൂടുതൽ സ്ഥലം കയ്യേറിയിട്ടില്ല. (ബൈലോ സെക്ഷൻ 6.4)

7 കച്ചവട സ്ഥലത്ത് കസ്റ്റമേഴ്സിനായി ഞാൻ കസേരകൾ ക്രമീകരിക്കുന്നില്ല

8 കച്ചവട വാഹനം/ കച്ചവടം സ്ഥലം എന്നിവ ഞാൻ മേൽവാടകയ്ക്ക് നൽകുന്നില്ല. (ബൈലോ സെക്ഷൻ 6.7, 9.10)

9. ഒന്നിലധികം കച്ചവട വാഹനം / തട്ട് ഞാനോ / മറ്റു തൊഴിലാളികളെ ഉപയോഗിച്ചോ നടത്തുന്നില്ല (ബൈലോ സെക്ഷൻ 6.7)

10. എന്റെ ലൈസൻസ് മറ്റൊരാൾക്ക് കൈമാറുന്നതല്ല (ബൈലോ സെക്ഷൻ 9.10)

11. ഒരു മാസത്തിൽ 7 ദിവസത്തിൽ കൂടുതൽ ലൈസൻസിയായ ഞാൻ കച്ചവട സ്ഥലത്തു എത്തുന്നില്ല എങ്കിൽ ആയതു ബന്ധപ്പെട്ട ഹെൽത് ഇൻസ്പെക്ടറെ രേഖാമൂലം അറിയിക്കുന്നതാണ്.

12 നഗരസഭ നടത്തുന്ന തുടർച്ചയായ മൂന്ന് പരിശോധനകളിൽ ലൈസൻസിയായ ഞാൻ കച്ചവട സ്ഥലത്ത് ഇല്ലായെങ്കിൽ എന്റെ തെരുവ് കച്ചവട തിരിച്ചറിയൽ കാർഡ് /തെരുവ് കച്ചവട സർട്ടിഫിക്കറ്റ് / തെരുവ് കച്ചവട ലൈസൻസ് റദ്ദ് ചെയ്യാവുന്നതാണ്

13 വഴിയോര കച്ചവടം അല്ലാതെ മറ്റൊരു ജീവനോപാധി എനിക്ക്/ എന്റെ കുടുംബത്തിന് ഇല്ല (ബൈലോ സെക്ഷൻ 9.7)

14. എനിക്ക്/ എന്റെ കുടുംബത്തിന് മറ്റു ജീവനോപാധികൾ ലഭിക്കുന്ന മുറക്ക് ആയതു നഗരസഭയിൽ അറിയിക്കുന്നതാണ്. (ബൈലോ സെക്ഷൻ 6.3)

15. തെരുവ് കച്ചവട നിയമത്തിനും തെരുവ് കച്ചവട ബൈലോക്കും വിധേയമായി മാത്രമേ ഞാൻ നഗരസഭാ പരിധിയിൽ തെരുവ് കച്ചവടത്തിൽ ഏർപ്പെടുകയുള്ളൂ.

16. പൊതുജനങ്ങൾ കാൽനടയാത്രക്കാർ എന്നിവർക്ക് തടസ്സം ഉാക്കുന്ന രീതിയിൽ കച്ചവടത്തിൽ ഏർപെടുകയില്ല (ബൈലോ സെക്ഷൻ 9.12)

15. മേൽ വിവരങ്ങൾ പൂർണമായും സത്യമാണ് എന്നും നൽകിയ ഏതെങ്കിലുമൊരു വിവരം തെറ്റാണു എന്ന് കാണുന്ന പക്ഷം എന്റെ തിരിച്ചറിയൽ കാർഡ് / ലൈസെൻസ് എന്നിവ റദ്ദ് ചെയ്യാവുന്നതാണ് എന്ന് ഞാൻ ഇതിനാൽ ബോധ്യപ്പെടുത്തുന്നു.

തീയ്യതി

തെരുവ് കച്ചവടക്കാരന്റെ പേര്